**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2909

15.12.2015 ൽ മറുപടിക്ക്

## എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തിക

**ചോദ്യം**
**ശ്രീ. കെ. അജിത്**

**മറുപടി**
**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ /എയ്ഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ഇതിൽ എയ്ഡഡ് മേഖലയിൽ ഏതൊക്കെ കോളേജുകളിലാണ് തസ്തികകൾ സൃഷ്ടിച്ചതെന്നും വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സർക്കാർ/ എയ്ഡഡ് കോളേജുകളിലായി ആകെ 237 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. വേങ്ങര മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിന് 23 അദ്ധ്യാപക തസ്തികകളും വണ്ടൂർ അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസസിന് 7 അദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയ്ഡഡ് മേഖലയിലെ കോളേജുകളിൽ എത്ര ജീവനക്കാരാണ് വിരമിച്ചതെന്നും ഓരോ കോളേജിലും ഏതൊക്കെ തസ്തികകളിലാണ് വിരമിക്കൽ നടന്നതെന്നും വ്യക്തമാക്കുമോ; | (ബി) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ് |
| (സി) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചതുവഴി എത്ര കോടി രൂപ അധിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിട്ടുള്ള-തെന്ന് വ്യക്തമാക്കുമോ? | (സി) എയ്ഡഡ് കോളേജുകളിലെ (വേങ്ങര മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വണ്ടൂർ അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസ്) അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു വഴി 1,57,79,232/- രൂപ(ഒരു കോടി അൻപത്തിയേഴ ലക്ഷത്തിഎഴുപത്തൊൻപതിനാ-യിരത്തി ഇരുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം)പ്രതിവർഷം അധിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ